# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബി.പി.)1934/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2. എ ഡി സി(ജനറൽ), എറണാകുളം

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബി.പി.)1934/2022 തീയ്യതി: 03/12/2022

## എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 25-10-2022 | 29-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 29-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. അജ്മൽ എ എസ്, ഓഡിറ്റ് ഓഫീസർ
2. ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. പ്രവീൺ വി എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
5. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി എ എം ബഷീർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പ്രവീൺ വാസു | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീ നാസർ കെ എച്ച് | സെക്രട്ടറി | 11-05-2021 | 10-12-2021 |
| ശ്രീ അജി വി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-12-2021 | 28-12-2021 |
| ശ്രീ അനുപം എസ് | സെക്രട്ടറി | 29-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ധന്യ കെ ജനാർദ്ദനൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ അനൂപ് ജോർജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ. മാത്യൂ എം ജോസഫ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി, വാരപ്പെട്ടി | 01-04-2021 | 31-03-2022 |
| ഡോ.ആശിഷ് ബി | മെഡിക്കൽ ഓഫീസർ, സി എച്ച് സി, പല്ലാരിമംഗലം | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു വി പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുഹറ സി എച്ച് | സി ഡി പി ഒ, കോതമംഗലം | 01-04-2021 | 08-11-2021 |
| ശ്രീമതി ഷീല പി വി | സി ഡി പി ഒ, കോതമംഗലം | 09-11-2021 | 31-03-2022 |
| ശ്രീമതി പിങ്കി കെ അഗസ്റ്റിൻ | സി ഡി പി ഒ, കോതമംഗലം(അഡീഷണൽ) | 01-04-2021 | 31-03-2022 |
| ശ്രീമതി റസീന ടി എ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 22-02-2022 |
| ശ്രീ വാസുദേവൻ സി എൻ | പട്ടികജാതി വികസന ഓഫീസർ | 23-02-2022 | 31-03-2022 |
| ശ്രീ റമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ലൂസീന | മെഡിക്കൽ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ,സി.എച്ച്.സി.,നേര്യമംഗലം | | |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിശകലനം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി | 1-10 |
| 12 | നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രം - പദ്ധതി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്നു | 1-11 |
| 13 | പഴം പച്ചക്കറി സംഭരണ-വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-12 |
| 14 | തെറ്റായ താരിഫിൽ ഈടാക്കുന്ന വൈദ്യുതി ചാർജ് ക്രമീകരിക്കേണ്ടതാണ്. | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-14 |
| 16 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു. | 1-15 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം നൽകിയ 5000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്- സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 18.02.2021 തീയതിയിലെ 1/1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 18.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,62,05,777.00 | 2,49,33,855.81 |
| വരവ് | 46,73,56,743.00 | 10,16,45,315.00 |
| ആകെ | 48,35,62,520.00 | 12,65,79,170.81 |
| ചെലവ് | 48,30,98,584.00 | 9,86,00,076.00 |
| നീക്കിയിരിപ്പ് | 4,63,936.00 | 2,79,79,094.81 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വളരെയധികം അന്തരമുണ്ട്. ആയതിനാൽ ബജറ്റ് വിഭാവനം ചെയ്ത രീതിയിൽ തന്നെ പദ്ധതി രൂപീകരണം നടത്തി ലഭ്യമായ മുഴുവൻ ഫണ്ടും ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.7.2022 | 17.06.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. ബാലൻസ് ഷീറ്റിലെ B18-Loans, Advances And Deposits ഷെഡ്യൂളിൽ ലോൺ ഇനങ്ങളിൽ നൽകിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

2. ബാലൻസ് ഷീറ്റിലെ B9-Other Liabilities (Sundry Creditors) എന്ന ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheques എന്ന ഹെഡ്ഡിൽ 17,051/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ബാധ്യത തുക കണ്ടെത്തി ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിന് വിശദീകരണം നൽകുന്നതിന് 29.10.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-6 ന് വ്യക്തികൾക്ക് നൽകിയിട്ടുള്ള ചെക്ക് പണമാക്കാതെ മടങ്ങിവന്നിട്ടുള്ളതാണെന്നും ചെക്കിന്റെ വിവരങ്ങൾ പരിശോധിച്ച് തുക വ്യക്തികൾക്ക് തിരികെ നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. വാടക രജിസ്റ്ററിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ വാടക വരവിന്റെ വിശദാംശങ്ങൾ ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ (I-3)-മായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ബാലൻസ് ഷീറ്റിലെ B-11 Fixed Assets ഷെഡ്യൂളിൽ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തുന്നില്ല. ഉദാഹരണത്തിനായി ,ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 23.10.2019 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള KL-44F-5045 Renault Lodgy വാഹനം 410710102-Movable Assets-Vehicles ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,49,33,855.81 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,16,45,315.00 |
| ആകെ | 12,65,79,170.81 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,86,00,076.00 |
| നീക്കിയിരിപ്പ് | 2,79,79,094.81 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 79,228.00 |

## 1-4 ഫണ്ട് വിശകലനം

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 44455191 | 44455191 | 40649368 | 0 | 3805823 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14635602 | 14635602 | 13189000 | 0 | 1446602 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4643800 | 4643800 | 3822789 | 0 | 821011 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ജനറൽ- ടൈഡ്) | 0 | 5312100 | 5312100 | 1129593 | 0 | 4182507 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) – ബാങ്ക് | 0 | 11826000 | 11826000 | 2447404 | 9378596 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ജനറൽ - അൺ ടൈഡ്) | 0 | 780361 | 780361 | 219942 | --- | 560419 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) – ബാങ്ക് | 0 | 7884000 | 7884000 | 5768824 | 2115176 | - |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 14081143 | 14081143 | 9208229 | 0 | 4872914 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 320100108 ട്രൈബൽ കോർപ്പസ് ഫണ്ട് | 8374350 | 224986 | 8599336 | 3216449 | 5382887 | - |
| 320100115 ടോട്ടൽ സാനിട്ടേഷൻ | 874641 | 24290 | 898931 | 472 | 898459 | - |
| 320700203 Contributions From Grama Panchayat For Joint Venture Projects | 8645715 | 260784 | 8906499 | 259736 | 8646763 | - |
| ജോയിന്റ് വെഞ്ച്വർ (ഗ്രാമപഞ്ചായത്ത് വിഹിതം) | 0 | 331946 | 0 | 331946 | 0 | 331946 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 127247087 | 123 | 77255434 | 48 | 7 | 69.10 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2022 ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2022 മുതൽ 12.10.2022 വരെ | 2021-22 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2016 മുതൽ 27.01.2016 വരെ | 01.02.2015 മുതൽ 31.12.2015 വരെ | 18.02.2016 |

### 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. പദ്ധതി ഫയലുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

3. വാടകയുടെ ഡിമാൻഡ് കളക്ഷൻ ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട സ്ഥാപനങ്ങളായ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുള്ള പദ്ധതിച്ചെലവുകളും ഇതര ചെലവുകളും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നടത്തുന്നതായി കാണുന്നു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും സമാന പദ്ധതികൾ നടപ്പാക്കുന്നതിനാൽ ചെലവിലെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S0019/2021-22 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 25,80,000/- (എസ് സി പി) |
| ചെലവ് | 25,80,000/- |
| ബിൽ നം. - തുക | 67- 12/10/2021- 1205000/-<br>111- 27/10/2021- 420000/-<br>143- 22/11/2021- 310000/-<br>164- 17/12/2021- 210000/-<br>190- 29/12/2021- 275000/-<br>277- 11/02/2021- 140000/-<br>279- 11/02/2022- 20000/- |

യോഗ്യരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനത്തിൽ പ്രോൽസാഹനം എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ സ്കോളർഷിപ്പ് നൽകുന്ന മേൽ പദ്ധതി പ്രകാരം 118 വിദ്യാർത്ഥികൾക്കാണ് 2021-22 സാമ്പത്തിക വർഷം ധനസഹായം നൽകിയിട്ടുള്ളത് . പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതിയിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ അധിക തുകയായ 5,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരം ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

### 1-11 നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രം - പദ്ധതി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് - വകുപ്പ് 172, പട്ടിക 4-ബി (X) ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിത്സ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ നടത്തുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ളത്. കേരള സർക്കാരിന്റെ Www.dhs.kerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ലിസ്റ്റിൽ എറണാകുളം ജില്ലയിലെ നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പേര് ക്രമ നമ്പർ 275 -ആയി രേഖപ്പെടുത്തിയിട്ടുണ്ട്. പട്ടിക 3 -XII പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമ പഞ്ചായത്തുകൾക്കാണ്. നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിനായിരിക്കെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ

നിന്നും മെഡിക്കൽ ഓഫീസർ, നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന് (Family Health Centre) വിവിധ പദ്ധതികൾക്കായി തുകകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന് വേണ്ടി കോതമംഗലം ബ്ലോക്ക് പഞ്ചായത്തും കവളങ്ങാട് ഗ്രാമ പഞ്ചായത്തും സമാന പദ്ധതികൾക്കായി തുകകൾ ചെലവഴിക്കുന്നത് ഇരട്ടിപ്പിന് കാരണമാകാം. 2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രം നിർവ്വഹണ ഉദ്യോഗസ്ഥയായി കോതമംഗലം ബ്ലോക്ക് പഞ്ചായത്തിലും കവളങ്ങാട് ഗ്രാമ പഞ്ചായത്തിലും നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ചെലവ് വിവരങ്ങൾ ഉദാഹരണത്തിനായി ചുവടെ ചേർക്കുന്നു.

(A) കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മെഡിക്കൽ ഓഫീസർ, നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ചെലവ് |
|---|---|---|---|
| 1 | 246/21-22 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സാധന സാമഗ്രികൾ, മരുന്ന്, മെറ്റീരിയൽസ് എന്നിവ വാങ്ങൽ | 1,94,490 |
| 2 | 12/21-22 | കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി വിവിധ സാമഗ്രികൾ വാങ്ങൽ | 75000 |
| 3 | 34/21-22 | നേര്യമംഗലം സി.എച്ച്.സി ക്ക് ദൈനംദിന ചെലവ് | 2,00,000 |
| 4 | 38/21-22 | സ്റ്റാഫ് നേഴ്സിന് ഹോണറേറിയം | 2,98,415 |
| 5 | 40/21-22 | നേര്യമംഗലം സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 4,99,940 |
| 6 | 37/21-22 | സെക്കണ്ടറി പാലിയേറ്റീവ് പദ്ധതി | 3,99,999 |

(B) കവളങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ മെഡിക്കൽ ഓഫീസർ, നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ചെലവ് |
|---|---|---|---|
| 1 | 5/21-22 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ പരിരക്ഷ പ്രവർത്തനങ്ങൾ | 7,06,543 |
| 2 | 150/21-22 | സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 3,00,000 |
| 3 | 1/21-22 | പാലിയേറ്റീവ് കെയർ | 6,80,581 |
| 4 | 251/21-22 | സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി | 50000 |
| 5 | 4/21-22 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി | 50000 |
| 6 | 148/21-22 | നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം | 1,20,000 |
| 7 | 3/21-22 | സബ്സെന്ററുകളുടെ കണ്ടിജൻസി ചെലവുകൾ | 10721 |
| 8 | 2/21-22 | ഫാർമസിസ്റ്റിന് ശമ്പളം | 2,10,542 |

നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന് വേണ്ടി കോതമംഗലം ബ്ലോക്ക് പഞ്ചായത്തിലും കവളങ്ങാട് ഗ്രാമ പഞ്ചായത്തിലും ഒരേ നിർവ്വഹണ ഉദ്യോഗസ്ഥ തന്നെയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ സമാന സ്വഭാവമുള്ള പദ്ധതികൾ ഉണ്ടാകാതിരിക്കുന്നതിന് ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനും നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നടത്തിപ്പു ചുമതല കവളങ്ങാട് ഗ്രാമപഞ്ചായത്തിനായിരിക്കെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ടി സ്ഥാപനത്തിന് വിവിധ പദ്ധതികൾക്കായി തുകകൾ അനുവദിച്ചു നൽകിയതിന്റെ കാരണം അറിയിക്കുന്നതിനുമായി 29.10.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്-പട്ടിക 3 പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നടത്തിപ്പു ചുമതല ഗ്രാമപഞ്ചായത്തുകൾക്കായിരിക്കെ ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിന്റെ കാരണം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശിക്കുന്നു. തുടർ നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പഴം പച്ചക്കറി സംഭരണ-വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | പഴം പച്ചക്കറി സംഭരണ-വിപണന കേന്ദ്രം |
| പ്രോജക്ട് നം. | 181/2021-22 |

| | |
|---|---|
| അടങ്കൽ | 6,87,090/- |
| ചെലവ് | 4,80,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ബിൽ നം., തീയതി | 421/26.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, കോതമംഗലം |

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം ആവിഷ്കരിച്ച പ്രൊജക്ട് നമ്പർ-92/2020-21 , പഴം, പച്ചക്കറി സംഭരണ-വിപണന കേന്ദ്രം -പ്രകാരം സംഭരണ-വിപണന കേന്ദ്രം ആരംഭിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വളപ്പിലുള്ള കോതമംഗലം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ ഓഫീസിന്റെ താഴത്തെ മുറി ഉപയോഗിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും 10.02.2021 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും 2020-21 വർഷം സ്ഥാപനത്തിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 92,910/- രൂപ ചെലവഴിക്കുകയും ചെയ്തു.

26.02.2022 ലെ സാധാരണ മീറ്റിങ്ങിലെ 2(3)-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത പഴം പച്ചക്കറി സംഭരണ-വിപണന കേന്ദ്രം പദ്ധതി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നെല്ലിമറ്റത്തുള്ള അഗ്രോ സർവ്വീസ് സെന്ററിന്റെ കെട്ടിടം വാടകയ്ക്ക് ഉപയോഗിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. കോതമംഗലം ബ്ലോക്കിലെ പത്ത് പഞ്ചായത്തുകളിലെയും കോതമംഗലം മുനിസിപ്പൽ പരിധിയിലേയും കർഷകരുടെ പഴം/പച്ചക്കറി സംഭരിക്കുന്നതിനുള്ള റിവോൾവിങ്ങ് ഫണ്ടായി 26.03.2022 ൽ 4,80,000/- രൂപ 'സമൃദ്ധി കോതമംഗലം ബ്ലോക്ക് തല പഴം/പച്ചക്കറി സംഭരണ വിപണന കേന്ദ്രം', കോതമംഗലം-686691 എന്ന സ്ഥാപനത്തിന് കോതമംഗലം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനും സ്ഥാപനം പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് 29.10.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിക്കായി 2020-21,2021-22 വർഷങ്ങളിലായി ആകെ 5,72,910/- രൂപ ചെലവഴിച്ചിട്ടും സ്ഥാപനം പ്രവർത്തനം ആരംഭിക്കാത്തതിനാൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതു പ്രകാരമുള്ള ഗുണം കർഷകർക്ക് ലഭിച്ചിട്ടില്ല. പഴം പച്ചക്കറി സംഭരണ-വിപണന കേന്ദ്രം ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 തെറ്റായ താരിഫിൽ ഈടാക്കുന്ന വൈദ്യുതി ചാർജ് ക്രമീകരിക്കേണ്ടതാണ്.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 560/DD(T)/2018/KSERC തീയതി 08.07.2019 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായിട്ടുള്ളത് LT 6B താരിഫ് ആണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ ഡയറി എക്സ്റ്റൻഷൻ ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതി ചാർജ് കണക്കാക്കിയിട്ടുള്ളത് കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് ബാധകമായിട്ടുള്ള LT VIIA താരിഫ് നിരക്കിലാണ്. LT 6B, LT VIIA എന്നിവ പ്രകാരമുള്ള വൈദ്യുതി നിരക്ക് താഴെ ചേർക്കുന്നു.

| | LT 6B | LT 7A |
|---|---|---|
| (എ)ഫിക്സഡ് ചാർജ് (Rs/kw/Month) | 80 | സിംഗിൾ ഫേസ് 70 |
| | | ത്രീ ഫേസ് 140 |
| (ബി) എനർജി ചാർജ് | | |
| 500 യൂണിറ്റ് വരെ പ്രതിമാസം | 6.30 | |
| 500 യൂണിറ്റിന് മുകളിൽ പ്രതിമാസം | 7.00 | |
| 0 മുതൽ 100 യൂണിറ്റ് വരെ പ്രതിമാസം | | 6.00 |
| 0 മുതൽ 200 യൂണിറ്റ് വരെ പ്രതിമാസം | | 6.70 |
| 0 മുതൽ 300 യൂണിറ്റ് വരെ പ്രതിമാസം | | 7.40 |
| 0 മുതൽ 500 യൂണിറ്റ് വരെ പ്രതിമാസം | | 8.00 |
| 500 യൂണിറ്റിന് മുകളിൽ പ്രതിമാസം | | 9.30 |

05.10.2021തീയതിയിലെ ദ്വൈമാസ ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| കൺസ്യൂമർ നം | 1156019024563 |
| ബിൽ നം | 5601211003600/05.10.2021 |
| താരിഫ്/ഫേസ് | LT 7A/1 |

| | |
|---|---|
| കണക്ടഡ് ലോഡ് | 2KW |
| വൈദ്യുതി ചാർജ് | 1231/- രൂപ |

നിലവിൽ ഉപഭോഗം പ്രതിമാസം 100 യൂണിറ്റിൽ കുറവായതിനാൽ ചാർജ് അധികം വരുന്നില്ലെങ്കിലും ഭാവിയിൽ ഉപഭോഗം വർദ്ധിച്ചാൽ കൊമേഴ്സ്യൽ താരിഫിൽ അധികം തുക അടവാക്കേണ്ടി വരുന്നതാണ്. തെറ്റായ നിരക്കിൽ വൈദ്യുതി ചാർജ് നിർണ്ണയിക്കുന്ന വിവരം കെ എസ് ഇ ബി-യുടെ ശ്രദ്ധയിൽപ്പെടുത്തി തിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.10.2022 ൽ 3ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മുൻപ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ നിന്ന് ബ്ലോക്ക് ക്യാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്ക് 2014 ൽ ഷിഫ്റ്റ് ചെയ്തിരുന്നെന്നും ഷട്ടർ മുറികളുള്ള ടി കെട്ടിടത്തിന് അക്കാലത്ത് നിലനിന്നിരുന്ന താരിഫ് നിരക്കിലാണ് ചാർജ് അടവാക്കി വരുന്നതെന്നും മറുപടിയിൽ വിശദീകരിച്ചു. കെ എസ് ഇ ബി-ക്ക് കത്ത് നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ LT 6B താരിഫിലേക്ക് മാറ്റുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | S3/22 ഐ.കെ.എം. വിഹിതം |
| അടങ്കൽ | 79,228/- (വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 79,228/- |
| ബിൽ നം./തീയതി | 66/2021-22 തീയതി 08.10.2021 |

സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ഐ.കെ.എം. പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 79,228/- രൂപ നൽകിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.10.2022 ൽ 2ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും ഐ കെ എം-ന് കത്ത് നൽകിയിരുന്നെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ 79,228/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു.

പഞ്ചായത്തിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആകെ 59 ഓഡിറ്റ് പരാമർശങ്ങളാണ് നടപടിയെടുക്കാൻ അവശേഷിക്കുന്നത്. 2013-14, 2014-15 മുതൽ 2020-21 വരെയുള്ള അവസാന ഏഴ് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു :-

1) പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം കണ്ടം ചെയ്യുന്നതിന്റെ ലേലനടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം 2-1ന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.
2) സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ലെന്ന 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം 3-3 തീർപ്പാക്കിയിട്ടില്ല.
3) ബ്ലോക്ക് പഞ്ചായത്തിനു വേണ്ടി നിർമിച്ച കെട്ടിടത്തിന് കോതമംഗലം നഗരസഭയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കണമെന്ന 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം ഒഴിവാക്കിയിട്ടില്ല.
4) റോഡ്, ശ്മശാന നിർമ്മാണ സ്ഥലങ്ങളിൽ നിന്നും മണ്ണ് കടത്തിയതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു.
5) 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ 3-6(2), 3-6(3) നെല്ലിക്കുഴി പഞ്ചായത്ത് 6-ാം വാർഡ് മുല്ലേക്കാവ് ചെക്ക് ഡാം നിർമ്മാണം , കോട്ടപ്പടി പഞ്ചായത്ത് മുത്തൂർ കുടിവെള്ള പദ്ധതി എന്നീ പ്രോജക്ടുകൾ റദ്ദാക്കിയെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയതിന് ആധാരമായ രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കിയിട്ടില്ല.
6) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലത്തെ സെയിൽസ് ഔട്ട് ലെറ്റ് കെട്ടിടത്തിന്റെ വാടക പൂർണ്ണമായും ഈടാക്കണമെന്ന പരാമർശം നിലവിലും തുടരുകയാണ്.(2016-17 ഓഡിറ്റ് റിപ്പോർട്ട്).
7) കടവൂർ വനിതാ വ്യവസായ കേന്ദ്രം (പ്രോജക്ട് നം:25/2016) റൂഫിങ് എന്ന മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ പിഴ തുകയായി ലഭ്യമാകാനുള്ള 3457/- രൂപ കരാറുകാരനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.(2016-17 ഓഡിറ്റ് റിപ്പോർട്ട്).
8) കവളങ്ങാട് ഗ്രാമപഞ്ചായത്ത് 7-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 5,20,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പ്രസ്തുത പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി 2014-15 വർഷത്തെ ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടില്ല.
9) രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നത് നിലവിലും തീർപ്പാക്കിയിട്ടില്ല.
10) പി.എച്ച്.സി.യുടെ കണ്ടിജന്റ് ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയെന്ന 2019-20 റിപ്പോർട്ടിലെ പരാമർശം തുടർനടപടി സ്വീകരിച്ച് ഒഴിവാക്കിയിട്ടില്ല.
11) വനിതാ ക്ഷേമകേന്ദ്രങ്ങളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല, മരാമത്ത് പ്രവൃത്തികൾ

സംബന്ധിച്ച കോടതി കേസുകളുടെ നിലിവിലെ സ്ഥിതി ലഭ്യമല്ല, ഫർണിച്ചർ വാങ്ങിയെങ്കിലും പകൽ വീട് പ്രവർത്തനം ആരംഭിച്ചില്ല, കേരളോത്സവം-മുൻകൂർ തുക തിരികെ ലഭ്യമാക്കിയിട്ടില്ല എന്നീ പരാമർശങ്ങൾ ഉൾപ്പെടെയുള്ള 2020-21 വർഷത്തെ മുഴുവൻ ഓഡിറ്റ് പരാമർശങ്ങളും തീർപ്പാകാതെ നിലനിൽക്കുകയാണ്.

കഴിഞ്ഞ ഏഴ് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. അവശേഷിക്കുന്ന 59 ഖണ്ഡികകളും തീർപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം നൽകിയ 5000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S0019/2021-22 |
| നിർവ്വഹണം | പട്ടികജാതി വികസനഓഫീസർ |
| അടങ്കൽ | 25,80,000/- (എസ് സി പി) |
| ചെലവ് | 25,80,000/- |
| ബിൽ നം. - തുക | 67- 12/10/2021- ₹ 12,05,000/-<br>111- 27/10/2021- ₹ 4,20,000/-<br>143- 22/11/2021- ₹ 3,10,000/-<br>164- 17/12/2021- ₹ 2,10,000/-<br>190- 29/12/2021- ₹ 2,75,000/-<br>277- 11/02/2021- ₹ 1,40,000/-<br>279- 11/02/2022- ₹ 20,000/- |

യോഗ്യരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനത്തിൽ പ്രോൽസാഹനം എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ ധനസഹായം നൽകുന്ന മേൽ പദ്ധതി പ്രകാരം 118 വിദ്യാർത്ഥികൾക്കാണ് 2021-22 സാമ്പത്തിക വർഷം ധനസഹായം നൽകിയിട്ടുള്ളത്. കോട്ടപ്പടി ഗ്രാമപഞ്ചായത്ത് നൂറ്റിപ്പാടത്ത് വീട്ടിൽ , ശ്രീ. ജയരാജ് മോഹനൻ എന്ന ഗുണഭോക്താവിന്റെ അപേക്ഷ, അനുബന്ധരേഖകൾ എന്നിവ പ്രകാരം ഗുണഭോക്താവ് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് 5-ാം സെമസ്റ്റർ വിദ്യാർത്ഥിയാണ്. മേൽ പ്രോജക്ട് പ്രകാരം, ടി ഗുണഭോക്താവിന് ബിൽ നം.67- 12/10/2021 (ആകെ ബിൽ തുക 12,05,000/-) പ്രകാരം 30,000/- രൂപയാണ് നൽകിയിട്ടുള്ളത്. 14.02.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 7.2.4(i) പ്രകാരം എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദ വിദ്യാർത്ഥികൾക്ക് നൽകാവുന്ന തുക 25,000/- രൂപയാണ്. എന്നാൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ഗുണഭോക്താവിന് 5,000/- രൂപ അധികമായി നൽകി. അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 26.10.2022-ൽ നൽകിയ 1ാം നമ്പർ എൻക്വയറിക്ക് പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ച മറുപടിയിൽ അധികമായി അനുവദിച്ച 5,000/- രൂപ ഗുണഭോക്താവിന്റെ പക്കൽ നിന്നും ലഭ്യമാക്കി തിരിച്ചടച്ച് ചെലാൻ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം നൽകിയ തുകയായ 5,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

അധികമായി നൽകിയ തുക (5,000/- രൂപ) ഗുണഭോക്താവിന്റെ പക്കൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസറുടെ പക്കൽ നിന്നോ ഈടാക്കി ആയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഇല്ല | | | | | |

320700203 ഹെഡിൽ 2,60,784/- രൂപ വരവ് വന്നിട്ടുള്ളത് ബാങ്ക് പലിശ ഇനത്തിലുള്ള തുകയാണ്. 320700203 ഹെഡിൽ 259736/- രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതിൽ 2,10,000/- രൂപ പി.എം.എ.വൈ ഗുണഭോക്താക്കാൾക്കായി നൽകിയിട്ടുള്ളതും, പി.എം.എ.വൈ ഗുണഭോക്താവ് തിരിച്ചടച്ച തുകയായ 49,736/- രൂപ കമ്മിഷണറേറ്റ് ഓഫ് റൂറൽ ഡവലപ്പ്മെന്റ് അക്കൗണ്ടിൽ അടവാക്കിയിട്ടുള്ളതുമാണ്. മുൻവർഷങ്ങളിലെ നീക്കിയിരിപ്പായി 320700208 എന്ന ഹെഡിൽ 3,31,946/- രൂപ നിലനിൽക്കുന്നുണ്ട്.

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഈയിനത്തിൽ ചെലവില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പലിശ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവനപദ്ധതി | GO(MS) No. 90/13/LSGD തീ. 14/3/2013 | 1,14,00,000 | 41,23,618 | 15,64,912 | - | - | 56,88,530 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 20 | 2004-05 | 7.II.1.1 | പദ്ധതി നിർവ്വഹണ ചെലവ് - അധികം ചെലവാക്കിയത് | അധികം ചെലവഴിച്ച 21136/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയിട്ടുണ്ട്. എന്നാൽ പരാമർശം |

| | | | | | |
|---|---|---|---|---|---|
| | | | | | തീർപ്പാക്കി ഉത്തരവ് ലഭിച്ചിട്ടില്ല. |
| 2004-05 | 3-8 | 2007-08 | 3.45.1 | പണി പൂർത്തിയാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | റവന്യൂ റിക്കവറി നടപടികളിലൂടെ 54026/-രൂപ ഈടാക്കി. പലിശയിനത്തിൽ ഈടാക്കുവാനവശേഷിക്കുന്ന തുകയ്ക്ക് ഇളവ് നൽകാൻ സാധിക്കില്ലെന്ന് 07.09.2021 ൽ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. |

4-9 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,16,45,315.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,86,00,076.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 79,228 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,000/- | ശ്രീമതി. റസീന ടി.എ., പട്ടികജാതി വികസന ഓഫീസർ |
| ആകെ തുക | - | 5,000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 79,228 | ശ്രീ നാസർ കെ.എച്ച്., സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗികമേൽവിലാസം | |
|---|---|---|
| ശ്രീമതി. റസീന ടി എ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | കോട്ടയിൽ ഹൗസ്, മൈലൂർ |
| ശ്രീ നാസർ കെ.എച്ച്., സെക്രട്ടറി | വിരമിച്ചു | കളപ്പുര ഹൌസ് എരനല്ലൂർ കാലാംപൂര് – 686673 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | എൽ.എഫ്.ഇ.(സി.1)2134/11 (അദാലത്ത് റപ്പോർട്ട്), 23-11-2011 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം.(ബിപി)466/19 തീയതി 06.06.2019 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം.(ബിപി)384/2018 തീയതി 06.04.2018 |
| 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1573/16, 4.10.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)384/2018 തീയതി 06.04.2018 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി)27/19 തീയതി 23.03.2019 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(ബി.പി)290/19, 11.07.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(ബി.പി)110/2022 തീയതി 14.03.2022 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(ബി.പി)365/2022 തീയതി 10.05.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1074/2022 തീയതി 12.07.2022 |

.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്